നെല്ല് സംഭരണം

188 ([T] 3938) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം എത്ര ടൺ നെല്ല് സംഭരിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നെല്ല് സംഭരിച്ചയിനത്തിൽ കർഷകർക്ക് എത്ര തുക ഇനിയും നൽകേണ്ടതുണ്ട്;

(സി) സംഭരണത്തിനായി നെല്ല് നൽകിയശേഷം നാളിതുവരെ പണം ലഭിക്കാത്ത എത്ര നെൽ കർഷകർ ഉണ്ടെന്നും ഏതെല്ലാം സംഭരണ കേന്ദ്രങ്ങളിൽ നെല്ല് നൽകി എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കർഷകർക്ക് എത്ര ദിവസത്തിനകം നിലവിലെ നിയമപ്രകാരം പണം നൽകേണ്ടതുണ്ട് എന്നും ആ സർക്കാർ കാലയളവിൽ ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) നെൽകൃഷിക്ക് വേണ്ട സഹായം നല്കുന്നതിനും ഉല്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുന്നതിനും, ആയതിന് യഥാസമയം പണം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ഒരു നെൽ കർഷക കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സീസണിൽ സപ്ലൈകോ സംഭരിച്ച നെല്ലിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

(ബി) 2014-15 സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും നൽകി കഴിഞ്ഞു.

(സി&ഡി) പ്രസക്തമല്ല.

(ഇ) ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

റേഷൻ വിഹിതത്തിലെ കുറവ്

189 (3939) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരമേറ്റശേഷം, കേരളത്തിന് മുൻകാലങ്ങളിൽ നൽകിവന്നിരുന്ന റേഷൻ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമായ റിപ്പോർട്ട് നൽകുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly